കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം15/260/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: 19/02/2019

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15].

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം15/260/2019

തിയ്യതി:19/02/2019

**മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.07.2017 മുതൽ 11.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-01-2019 മുതൽ 24-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അബ്ദുൾ സത്താർ സി പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസ്സൈൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എം. പി. മുഹമ്മദ് ഹസ്സൻ | 01.04.2017 മുതൽ 06.12.2017 വരെ |
| ശ്രീ. മുജീബ് റഹ്മാൻ (ആക്ടിംഗ്) | 07.12.2017 മുതൽ 31.12.2017 വരെ |
| ശ്രീ. മുസ്തഫ പനയത്തിൽ | 01.01.2018 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പീതാംബരൻ | 01.04.2017 മുതൽ 06.02.2018 വരെ |
| ശ്രീ. ജോളി ജോൺ ജെ (അധിക ചുമതല) | 07.02.2018 മുതൽ 15.02.2018 വരെ |
| ശ്രീമതി. ബിസിലി ബിന്ദു. ടി. എസ് | 16.02.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. പീതാംബരൻ | 01.04.2017 മുതൽ 06.02.2018 വരെ |
| | ശ്രീ. ജോളി ജോൺ ജെ (അധിക ചുമതല) | 07.02.2018 മുതൽ 15.02.2018 വരെ |
| | ശ്രീമതി. ബിസിലി ബിന്ദു. ടി. എസ് | 16.02.2018 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ. ജോളി ജോൺ ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. അനീസ് സി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രമോദ്. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. സുരേഷ് കുമാർ. പി. സി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഹേമലത. സി. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഉമ്മുക്കുൽസു | 01.04.2017 മുതൽ 11.07.2017 വരെ |
| | ഡോ. സൽമ വി. പി | 12.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലീല. സി. പി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. വി. സംഗീത | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. രാകേഷ്. പി. കുമാർ | 01.04.2017 മുതൽ 01.05.2017 വരെ |
| | ശ്രീമതി. ബിന്ദു. പി | 02.05.2017 മുതൽ 12.12.2017 വരെ |
| | ശ്രീ. സിജിൻ. കെ | 13.12.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം II<br><br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 13 | കെട്ടിട നിർമ്മാണം - നടപടിക്രമങ്ങളിലെ അപാകതകൾ | 2-1 |
| 14 | കെട്ടിട നിർമ്മാണം - ബിൽഡിംഗ് പ്ലാനിലെ അപാകതകൾ | 2-2 |
| 15 | 'നിലം' ഭൂമിയിലെ കെട്ടിട നിർമ്മാണങ്ങൾ അനുവദിച്ചത് സംബന്ധിച്ച് | 2-3 |
| 16 | ഡി & ഒ ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു | 2-4 |
| | ഭാഗം III<br><br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 17 | പ്രവൃത്തി പൂർത്തീകരണ /തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-1 |
| 18 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-2 |
| 19 | GST കോംപെൻസേഷൻ ഉൾപ്പെടുത്തി കരാറുകാരന് അധികം തുക നൽകി | 3-3 |
| 20 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം | 3-4 |
| 21 | മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. | 3-5 |
| 22 | വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ | 3-6 |
| 23 | കുണ്ടൂർ തോട് നവീകരണം | 3-7 |
| 24 | പഞ്ചായത്ത് സ്റ്റേഡിയം നവീകരണം | 3-8 |
| 25 | അംഗവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല | 3-9 |
| 26 | മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴവവൻ ഇനിയും ലഭിച്ചിട്ടില്ല | 3-10 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 27 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 38 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 39 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 40 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24-03-17തീയതിയിലെ 2നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-18 | 10-05-18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-18 &23-06-18 | കെ.എസ്.എ.എം.പി.എം 15/1281/18<br>തീയതി:04-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28936999.43 |
| വരവ് | 69198524 |
| ആകെ | 98135523.43 |
| ചെലവ് | 65042232 |
| നീക്കിയിരിപ്പ് | 33093291.43 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16256000 | 16256000 | 14754692 | 1501308 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2077730 | 2077730 | 2061287 | 16443 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8615000 | 8615000 | 8562693 | 52307 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3699000 | 3699000 | 2368316 | 1330684 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7634532 | 7634532 | 7137979 | 496553 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 3728488 | 3728488 | 3717969 | 10519 |
| സാക്ഷരത | | 2078 | 77 | 2155 | 0 | 2155 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 5659751 | 5659751 | 5659751 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 105100 | 463601 | 568701 | 534500 | 34201 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| SSA | | 249583 | 9296 | 258879 | 0 | 258879 |
| TSC | | 710075 | 169708 | 879783 | 0 | 879783 |
| ICDS | | 462067 | 1797315 | 2259382 | 592426 | 1666956 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 150000 | 1748052 | 1898052 | 1312500 | 585552 |
| | ജില്ലാ പഞ്ചായത്ത് | 0 | 2131533 | 2131533 | 1312500 | 819033 |
| ബി ഫണ്ട് | | 0 | 42452440 | 42452440 | 42452440 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3859316.43 | 3406463 | 7265779 | 5148840 | 7116939.43 |
| | ട്രഷറി അക്കൗണ്ട് | 23512858 | 14719315 | 38232173 | 11447739 | 26784434 |
| മറ്റിനം ജലനിധി | | 35922 | 1338 | 37260 | 0 | 37260 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 76564763 | 140 | 50654354 | 4 | 43 | 74.87% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 105100 | 463601 | 568701 | 534500 | 34201 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5659751 | 5659751 | 5659751 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 3000 | 3000 | 3000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14040 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 3563100 | 323 |
| വിധവാപെൻഷൻ | 12222300 | 1049 |
| വാർദ്ധക്യകാലപെൻഷൻ | 21326400 | 1726 |
| വികലാംഗപെൻഷൻ | 4717800 | 428 |
| വിവാഹധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള ധന സഹായം | 194800 | 16 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-01-2019 -ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,69,604/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുകയും വാർഷികമായി ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഒരേ ഇനത്തിലുള്ള സാധനങ്ങൾക്ക് ഒരുമിച്ച് വാങ്ങൽ നടത്തുകയും

ചെയ്യേണ്ടതാണ് .
2- മാസ്റ്റർ ഇൻകൃമ്പൻസി രജിസ്റ്ററിൽ ജീവനക്കാരുടെ മേൽവിലാസം,ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3.ഫ്രണ്ട് ഓഫീസ് സംവിധനം സംബന്ധിച്ച് മോണിട്ടറിങ് കാര്യക്ഷമമല്ല. പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനം സംബന്ധിച്ച് പരിശോധന നടത്തുന്നതിന്ന് സെക്ഷനുകൾ പി.ആർ എഴുതി സെക്രട്ടറി പ്രതിമാസ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-12-18 | 11/2018 | 11-12-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-02-17 | 2015-16 | 29-03-17 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട, താഴെ പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) താഴെ പറയുന്ന അക്കൗണ്ടുകളിൽ ദീർഘനാളായി ഇടപാടുകൾ നടക്കുന്നില്ല.ക്ലോസ് ചെയ്യാനുള്ള നടപടരകൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ്(വാർഷിക ധനകാര്യ പത്രിക 2017-18 പ്രകാരം) | അവസാന ഇടപാട് നടന്ന തീയതി |
|---|---|---|---|
| 1 | ജല നിധി - സ്റ്റേറ്റ് ബാങ്ക് (A/c.No. 57031225813) | 37260 | ലഭ്യമല്ല |
| 2 | എസ്.എസ്.എ- സ്റ്റേറ്റ് ബാങ്ക് (A/c.No. 67010256421) | 258879 | 14-01-13 |
| 3 | സാക്ഷരത - സ്റ്റേറ്റ് ബാങ്ക് | 2155 | 26-05-15 |

| | | | | |
|---|---|---|---|---|
| | (A/c.No. 57031225653) | | | |

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62(2) (ഇ), (എഫ്) പ്രകാരം വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (Ratios), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി എല്ലാ ബാങ്കുകളുടെയും പൊരുത്തപ്പെടുത്തൽ പത്രിക അടുത്ത മാസം 5 -ാം തീയതിക്കകം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി വെക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഉദാ: എസ്.എസ്.എ, സാക്ഷരത, ജലനിധി അക്കൗണ്ട്, വസ്തു നികുതി ഇ-പേയ്മെന്റ്.

4) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58(1) (എ) പ്രകാരം ബാങ്ക് ബുക്ക് പ്രതിദിനം ക്ലോസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് ചെയ്യുന്നില്ല.

5) ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂൾ പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് സൂക്ഷിക്കുന്ന സ്റ്റേറ്റ് ബാങ്കിലെ നീക്കിയിരിപ്പ് തുക 8,79,783 രൂപയാണ് . എന്നാൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് (Total sanitation) തുക 8,60,653 രൂപയാണ്.വ്യത്യാസം 19130 രൂപ.

6) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62(3) പ്രകാരം സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുക രേഖപ്പെടുത്തിയിട്ടില്ല.

ബാക്കിപത്രത്തിലെ ബാധ്യതാ ഭാഗത്ത് പഞ്ചായത്ത് ഫണ്ട് എന്നതിന് പകരം Municipal (General Fund ) എന്നാണ്.ആയത് മാറ്റം വരുത്തിയിട്ടില്ല.

7) പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കു കളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഉദാ:

എ- പഞ്ചായത്ത് തനത് ഫണ്ടിൽ സൂക്ഷിക്കുന്ന തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 0047) താഴെ പറയുന്ന ചെക്ക് വിതരണം ചെയ്തിരുന്നുവെങ്കിലും നാളിത് വരെ ആയത് ബാങ്കിൽ പ്രസന്റ് ചെയ്തിട്ടില്ല.

| വൗച്ചർ നമ്പർ | തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 21700289 | 26-09-17 | 02017736 | 15-09-2017 | 10,000 |

ടി തുക അധികമായി ബാങ്കിൽ കിടക്കുന്നതിനാൽ ഓരോ മാസവും ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിലെ തുകയോട് കൂട്ടി വരുന്ന രീതിയാണ് സ്വീകരിച്ച് വരുന്നത്. ആയത് ക്രമീകരിച്ചിട്ടില്ല.

8) തൊഴിൽ നികുതി, ഡി ആന്റ് ഒ രജിസ്റ്റർ, പെർമിറ്റ്/ റെഗുലറൈസേഷൻ രജിസ്റ്റർ,എന്നീ വരവിനങ്ങൾ ഒഴികെയുള്ള ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ വസ്തു നികുതി ഡിസിബി പത്രിക പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റീച്ചർ അക്കൗണ്ടിലും(I-16)ബാലൻസ് ഷീറ്റിലും (ബി-5(എ)) തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11) 2016-17 -ൽ പാർട്ട് ബിൽ നൽകിയതും 2017-18 -ൽ പൂർത്തീകരിച്ചതുമായ "കാളം തിരുത്തി ബദൽ

വിദ്യാലയത്തിന് നിർമ്മിച്ച ചുറ്റുമതിൽ" 2017-18ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഒന്നിൽ കൂടുതൽ 7 എ കാഷ് ബുക്കുകൾ സൂക്ഷിക്കുന്നത് ക്രമ പ്രകാരമല്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിട നിർമ്മാണ പെർമിറ്റ്- നടപടിക്രമങ്ങളിലെ അപാകതകൾ

2017-18 വർഷം കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയൽ നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എല്ലാ പെർമിറ്റ് അപേക്ഷകളും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണം, ക്രമവത്കരണം എന്നിവ സംബന്ധിച്ച എല്ലാ അപേക്ഷകളും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് നൽകുമ്പോൾ അല്ലെങ്കിൽ നിർമ്മാണം ക്രമവത്കരിച്ചു നൽകുന്ന ഘട്ടത്തിൽ മാത്രമേ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുള്ളൂ. ഇതു കാരണം അപേക്ഷകളുടെ നിജസ്ഥിതി അറിയാൻ മാർഗമില്ല. കെട്ടിട നിർമ്മാണം സംബന്ധിച്ച എല്ലാ അപേക്ഷകളും ഒറ്റ രജിസ്റ്ററിൽ രേഖപ്പെടുത്തി അവയുടെ തുടർനടപടികൾ നിരീക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

2. ഭൂരിപക്ഷം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം ആരംഭിച്ച് പിന്നീട് ക്രമവൽക്കരിക്കപ്പെടുന്നു

2017-18-ലെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ അപേക്ഷകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| തൻ വർഷത്തെ ആകെ അപേക്ഷകൾ | 418 |
| പെർമിറ്റ് നൽകിയത് | 159 |
| ക്രമവൽക്കരിച്ചത് | 165 |
| നിരസിച്ചത് | 31 |
| തീർപ്പാക്കാത്തത് | 63 |

പട്ടികയിൽ സൂചിപ്പിച്ച പോലെ 2017-18-ൽ നൽകിയ നിർമ്മാണ പെർമിറ്റുകളേക്കാൾ കൂടുതലാണ് ക്രമവത്കരിച്ചു നൽകിയ നിർമ്മാണങ്ങൾ. ഇത് സൂചിപ്പിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭൂരിഭാഗം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതി കൂടാതെ നിർമ്മാണം ആരംഭിക്കുകയോ/പൂർത്തീകരിക്കുകയോ ചെയ്ത ശേഷം ക്രമവൽക്കരിക്കരിക്കുകയാണ് എന്നാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ആ നിലക്ക് മേൽ പ്രവർത്തി ചട്ടലംഘനമായി കണക്കാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്.

3. ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

02.12.2015-ലെ നം. 12900/ആർ/തസ്വഭവ/2015 സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണ്. നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണങ്ങളുടെ ഫയലുകൾ ഒറ്റ ഫയൽ നമ്പറിൽ നിലനിർത്താത്തതുകൊണ്ട്, പിന്നീട് ഫയലുകൾ കണ്ടെത്തുന്നതിനും, കൈകാര്യം ചെയ്യുന്നതിനും കാലതാമസം നേരിടുന്നുണ്ട്. കെട്ടിട പെർമിറ്റ് നൽകുമ്പോളും, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി നമ്പർ നൽകുമ്പോളും ബന്ധപ്പെട്ട ഫയലുകൾ ഒരേ കറന്റ് നമ്പറിൽ നിലനിർത്തേണ്ടതാണ്.

3. നഞ്ച ഭൂമിയിലെ നിർമ്മാണങ്ങൾ സംബന്ധിച്ച്

സാമാന്യം പാടശേഖരങ്ങൾ കൂടുതലുള്ള നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ നഞ്ച ഭൂമിയിലെ നിർമ്മാണങ്ങൾക്കായുള്ള അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വീട് വെയ്ക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ പരമാവധി 3

മാസത്തിനകം തീർപ്പാക്കേണ്ടതുണ്ട്. 2017-18-ലെ പെർമിറ്റ് രജിസ്റ്റർ പ്രകാരം 06.11.17-ന് ശേഷം (ഇതിന് മുമ്പുള്ള അപേക്ഷകൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) 10 അപേക്ഷകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസ്രു എന്നിവരുൾപ്പെട്ട നഞ്ച കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും, ഇതിന് മേൽ എന്തെങ്കിലും നടപടികൾ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

## 2-2 കെട്ടിട നിർമ്മാണം - ബിൽഡിംഗ് പ്ലാനിലെ അപാകതകൾ

2017-18 വർഷം കെട്ടിട നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. കെട്ടിടത്തിന് അഗ്നിശമനാ സേനാ ഡയറക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

(പെർമിറ്റ് നം. BL-90 / 2017-18, ഫയൽ നം. 5094/17 - നന്നമ്പ്ര വില്ലേജിലെ സർവ്വേ നം. 284/1 സ്ഥലത്ത് ശ്രീ. കക്കുന്നത്ത് കറുപ്പം വീട്ടിൽ ഹംസ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിനുള്ള പെർമിറ്റ്)
നിർമ്മാണം പൂർത്തിയായ ടി കെട്ടിടത്തിന് 03.01.18-ന് നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണം 1286.91 ചതുരശ്രമീറ്ററാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56(5) പ്രകാരം തറവിസ്തീർണ്ണം 1000 ചതുരശ്രമീറ്ററിൽ കവിയുന്ന വാണിജ്യഗണത്തിൽപെട്ട (ഗണം F) കെട്ടിടങ്ങൾക്ക് അഗ്നിശമനാ സേനാ ഡയറക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ ചട്ടം നിലവിൽ വന്നത് 31.10.2017-ലെ G.O(P) No. 81/2017/LSGD ഭേദഗതി പ്രകാരമാണ്. എന്നാൽ ടി കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ച് നൽകിയത് 30.12.17-നാണ്. നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ മേൽപറഞ്ഞ ചട്ടം പാലിക്കപ്പെട്ടിട്ടില്ല.

2. കെട്ടിടത്തിന്റെ ഗണം തെറ്റായി നിർണ്ണയിച്ച് പെർമിറ്റ് നൽകി
(പെർമിറ്റ് നം BL-100 / 2017-18, ഫയൽ നം. 3070/17 - നന്നമ്പ്ര വില്ലേജിലെ സർവ്വേ നം. 306/7 സ്ഥലത്ത് ശ്രീ. മുഹമ്മദ് S/o മമ്മുദു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിനുള്ള പെർമിറ്റ്)
പെർമിറ്റ് നൽകിയത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണെങ്കിലും അപേക്ഷയുടെ കൂടെ സമർപ്പിച്ച പ്ലാനിൽ കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഘടന സ്റ്റോക്ക് റൂമിന്റേതാണ്. ആ നിലക്ക് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34(2) പ്രകാരം ഗണം H-ൽ പെടുന്ന സംഭരണസ്ഥലങ്ങളുടെ വിഭാഗത്തിലാണ് ടി കെട്ടിടം വരിക. എന്നാൽ പെർമിറ്റ് നൽകിയിരിക്കുന്നത് ഗണം - Fൽ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണ്. ഈ വസ്തുത പരിശോധിക്കേണ്ടതാണ്.

പെർമിറ്റ് / ഒക്യുപെൻസി നൽകുന്നതിനു മുമ്പ് അപേക്ഷയിലെ രേഖപ്പെടുത്തലുകളെല്ലാം ചട്ടപ്രകാരമാണെന്ന് ബിൽഡിംഗ് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 'നിലം' ഭൂമിയിലെ കെട്ടിട നിർമ്മാണങ്ങൾ അനുവദിച്ചത് സംബന്ധിച്ച്

22.12.2016-ലെ നം. 994733/ആർ.എ.1/2016/തസ്വഭവ സർക്കുലർ പ്രകാരം, റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ ഡാറ്റാ ബാങ്കിൽ (12.08.2008-ന് നിലവിൽ വന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം) ഉൾപ്പെടാത്തതുമായ ഭൂമിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.08.2008-നു മുമ്പ് നികത്തപ്പെട്ടതാണെന്ന് ഉറപ്പ് വരുത്തി നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനായി ശിപാർശ ചെയ്യാൻ അധികാരം നൽകിയിരുന്നു. എന്നാൽ 31.12.2017-മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രകാരം മേൽപറഞ്ഞ നടപടിക്രമം അസാധുവാകുകയും, ഈ തരത്തിൽപെട്ട ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തി അനുമതി നൽകാനുള്ള അധികാരം ആർ.ഡി.ഒ-ൽ നിക്ഷിപ്തമാക്കുകയും ചെയ്തു.

എന്നാൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ 19.01.2018 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന നഞ്ച കമ്മിറ്റി യോഗം ചേരുകയും, കെട്ടിടനിർമമാണങ്ങൾക്കുള്ള അനുമതി നൽകുകയും ചെയ്തതായി കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിലും മുൻപ് നടന്ന നഞ്ച യോഗങ്ങളുടെ അടിസ്ഥാനത്തിലും, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'നിലം' തരത്തിൽ പെട്ട ഭൂമിയിൽ വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾക്ക് 31.12.2017-ന് ശേഷവും പെർമിറ്റ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

കൊടുക്കുന്നു

| ക്രമ നം. | ഫയൽ നം. | ഭൂമിയുടെ സർവ്വേ നം | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ.) | നഞ്ച കമ്മിറ്റി തീരുമാനം/തീയ്യതി | പെർമിറ്റ് നൽകിയ/ക്രമവത്കരിച്ച തീയ്യതി |
|---|---|---|---|---|---|
| 1 | 3525/17, 11.07.17 | 265/6 | 397.12 | നം. 6/29.11.2017 | 02.02.2018 |
| 2 | 3070/17, 09.06.17 | 306/7 | 618 | നം. 2/19.01.2018 | 05.02.2018 |
| 3 | 2808/17, 25.05.17 | 326/1 | 258.6 | നം. 17/15.09.2017 | 08.02.2018 |
| 4 | 3318/17, 29.06.17 | 299/5 | 524.32 | നം. 1/19.01.2018 | 26.02.2018 (ക്രമവത്കരണം) |

1. മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ 19.01.2018-നും നഞ്ച കമ്മിറ്റി യോഗം ചേർന്ന് നിർമ്മാണങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 31.12.17 മുതൽ മുൻകാല പ്രാബല്യമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിൽ പുതിയതായി ചേർക്കപ്പെട്ട 27എ വകുപ്പ് പ്രകാരം 'നിലം' ഭൂമി തരം മാറ്റി നൽകാനുള്ള അധികാരം ആർ.ഡി.ഒ-ക്കു മാത്രമാണ്. ആ നിലക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി നിയമവിരുദ്ധമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.9/22.01.2019-നുള്ള മറുപടിയിൽ പ്രസ്തുത നോട്ടിഫിക്കേഷൻ വൈകിയാണ് ലഭിച്ചതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇത് അംഗീകരിക്കാവുന്നതല്ല.
2. 22.12.2016-ലെ നം. 994733/ആർ.എ.1/2016/തസ്വഭവ സർക്കുലർ പ്രകാരം, നിയമാനുസൃത കെട്ടിടങ്ങൾ ഉള്ള അല്ലെങ്കിൽ ഉണ്ടായിരുന്ന ഭൂമികളിലേ പുതിയ നിർമ്മാണങ്ങൾ അനുവദിക്കാൻ നഞ്ച കമ്മിറ്റിക്ക് അധികാരമുള്ളൂ. എന്നാൽ നഞ്ച കമ്മിറ്റിയുടെ മിനുട്സ് പരിശോധനയിലും, ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ നിന്നും, മേൽ പട്ടികയിൽ സൂചിപ്പിച്ച ഭൂമിയിലൊന്നും നിയമാനുസൃത കെട്ടിടങ്ങളുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങനെയുള്ള ഭൂമി തരം മാറ്റി നൽകാവുന്നതാണെന്ന് ആർ.ഡി.ഒ-ക്ക് ശിപാർശ ചെയ്യാനേ നഞ്ച കമ്മിറ്റിക്ക് മേൽ സൂചിപ്പിച്ച സർക്കുലർ അധികാരമുള്ളൂ. എന്നാൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ നഞ്ച കമ്മിറ്റി 'നിലം' ഭൂമിയിൽ നിർമ്മാണങ്ങൾക്ക് നേരിട്ട് അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളത്.

3. 13.08.2018-ലെ നം.406/ആർ.എ.1/2018 തസ്വഭവ സ്പഷ്ടീകരണം പ്രകാരം, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്ന 31.12.2017 മുമ്പ് പെർമിറ്റ് നൽകിയ കെട്ടിട നിർമ്മാണങ്ങളെയേ മേൽ സൂചിപ്പിച്ച വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളൂ. എന്നാൽ പട്ടികയിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്കൊക്കെ പെർമിറ്റ് നൽകിയത് ഈ തീയ്യതിക്ക് ശേഷമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.9/22.01.2019-നുള്ള മറുപടിയിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച നിർമ്മാണങ്ങൾക്കുള്ള അപേക്ഷകൾ 31.12.2017-ന് മാസങ്ങൾക്കു മുമ്പ് തന്നെ ലഭിച്ചിട്ടുള്ളതാണെന്നും അതുകൊണ്ടാണ് പെർമിറ്റ് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള നിയമങ്ങളും ലംഘിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതായിരുന്നു. അപേക്ഷകൾ ഇതിന് മുമ്പേ ലഭിച്ചതാണെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല.

## 2-4 ഡി & ഒ ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിന് മുമ്പായി സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ | ഡി & ഒ | സ്ഥാപനത്തിന്റെ | 2017-18 | 2017-18 | നിലവിലുള്ള |
|---|---|---|---|---|---|

| നം. | രജിസ്റ്റർ ക്രമ നം. | പേര്, തരം | വർഷത്തേക്ക് അപേക്ഷ നൽകിയ തീയ്യതി | വർഷത്തേക്ക് ലൈസൻസ് അനുവദിച്ച തീയ്യതി | ലൈസൻസ്/കാലാവധി |
|---|---|---|---|---|---|
| 1 | 179 | സോഡ നിർമ്മാണം, പോപ്പുലർ സോഡ | 26.04.17 | 18.09.17 | 146/16-17, 31.03.2017 വരെ |
| 2 | 181 | മരമില്ല്, കെ.ടി ബ്രദേഴ്സ് | 08.08.17 | 19.09.17 | 86/13-14, 31.03.2014 വരെ |
| 3 | 190 | ഹോട്ടൽ ഉറൈമി | 18.09.17 | 28.09.17 | 16-17-ലേക്കുള്ള ലൈസൻസ്, 31.03.2017 വരെ |
| 4 | 199 | ബേക്കറി & കൂൾബാർ, കുന്നത്ത് ബേക്കറി | 20.09.17 | 28.10.17 | 139/15-16, 31.03.2016 വരെ |
| 5 | 204 | വെൽഡൺ മെറ്റൽ ഇൻഡസ്ട്രീസ് | 21.10.17 | 25.11.17 | A6 5972/15, 31.03.2016 വരെ |
| 6 | 217 | ഇന്റർലോക്ക് നിർമ്മാണം | 20.11.17 | 15.12.17 | 105/16-17, 31.03.2017 വരെ |
| 7 | 234 | പാരഡൈസ് ഹോട്ടൽ | 11.09.17 | 25.01.18 | 37/16-17, 31.03.2017 വരെ |
| 8 | 237 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്, സ്മാർട്ട് ടെക്സ് | 17.01.18 | 01.02.18 | 133/16-17, 31.03.2017 വരെ |

പട്ടികയിൽ സൂചിപ്പിച്ച പോലെ പല സ്ഥാപനങ്ങളും വളരെ വൈകിയാണ് ലൈസൻസ് പുതുക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഇതു സംബന്ധിച്ച പരസ്യം പ്രസിദ്ധപ്പെടുത്തി ലൈസൻസ് യഥാസമയം പുതുക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/22.01.19-നുള്ള മറുപടിയിൽ ഡി&ഒ ലൈസൻസ് യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രവൃത്തി പൂർത്തീകരണ /തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

താഴെ കൊടുത്തിരിക്കുന്നത് പ്രകാരം വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി - യിൽ 26,51,543രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | 68/18 | 1- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 13/17-18/ 18-12-17 | 1,36,000 |

| | | | | |
|---|---|---|---|---|
| 2 | 71/18 | 9- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 24/17-18/<br>15-01-18 | 1,75,950 |
| 3 | 72/18 | 11- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 29/17-18/<br>28-02-18 | 1,29,345 |
| 4 | 74/18 | 13- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 25/17-18/<br>15-01-18 | 99,110 |
| 5 | 78/18 | 12- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 26/17-18/<br>02-03-18 | 1,49,550 |
| 6 | 80/18 | 16- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 34/17-18/<br>21-03-18<br>21700739/<br>29-03-18(തനത് ഫണ്ട്) | 2,31,875<br>12425 |
| 7 | 81/18 | 1,3 വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 15/17-18/<br>18-12-17 | 49885 |
| 8 | 83/18 | 19- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 17/17-18/<br>18-12-17 | 99,600 |

| | | | | |
|---|---|---|---|---|
| | | | | |
| 9 | 82/18 | കരേട്ടിക്കുളം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 14/17-18/<br>18-12-17 | 138125 |
| 10 | 84/18 | 7,8 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 31/17-18/<br>28-02-18 | 75,625 |
| 11 | 87/18 | 4- ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 16/17-18/<br>18-12-17 | 99,800 |
| 12 | 179/18 | തൃക്കളം- തെയ്യാല റോഡിൽ സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 28/17-18/<br>30-01-18<br>21700532/<br>04-01-18 (തനത് ഫണ്ട്) | 5,59,000<br>87450 |
| 13 | 180/18 | സി.കെ.പടി - നടാഞ്ചേരിപ്പള്ളി റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 37/17-189/<br>24-03-18 | 133974 |
| 14 | 194/18 | വാർഡ് 8 -ൽ ത്രീ ഫേസ് ലൈൻ വലിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 38/17-18/<br>24-03-18 | 4,73,829 |

| | |
|---|---|
| ആകെ | 26,51,543 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ /തുക വിനിയോഗ വിവരം ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് 21-01-2019 -ന് നൽകിയ 5 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 26,51,543 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-2 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

2017-18 വർഷത്തെ സെക്രട്ടറിയുടെ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വൗച്ചറുകളുടെ കൂടെ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ /ചെക്ക് നമ്പർ/ തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21700135/<br>08-06-17 | 3,15,000 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി അലോപ്പതി മെഡിക്കൽ ഓഫീസർക്ക് കൈമാറിയത് | തുക കൈപ്പറ്റിയ വിവരം, വിനിയോഗ സാക്ഷ്യപത്രം, വൗച്ചർ എന്നിവ |
| 2 | 21700731/<br>29-03-18 | 9250 | തുല്യതാ പഠനത്തിനായി 5 ഗുണഭോക്താക്കളുടെ കോഴ്സ് ഫീ നൽകിയത് | -ടി- |
| 34 | 25/28-07-17 | 68,433 | IKM സാങ്കേതിക സഹായത്തിന് വിഹിതം നൽകൽ(പ്രോജക്റ്റ് നമ്പർ - 45/18) | തുക കൈപ്പറ്റിയ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ |
| ആകെ | | 3,92,683 | | |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് 21-01-2019 -ന് നൽകിയ 7- ാം നമ്പർ മറുപടിയിൽ മേൽ പട്ടികയിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് വരെ 3,92,683 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-3 GST കോംപെൻസേഷൻ ഉൾപ്പെടുത്തി കരാറുകാരന് അധികം തുക നൽകി -

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ 5% GST Compensation അനുവദിച്ച് മൂല്യ നിർണ്ണയം കണക്കാക്കുകയും കരാറുകരാന് തുക നൽകുകയും ചെയ്തിട്ടുണ്ട്.അധിക നിരക്കിൽ GST കരാറുകാരൻ അടവാക്കിയതിന്റെ രേഖ സമർപ്പിക്കുന്ന മുറക്കേ, കരാറുകാരന് GST Compensation നൽകേണ്ടതുള്ളൂ.എന്നാൽ ഉയർന്ന നിരക്കിൽ GST അടവാക്കിയതായ രേഖകൾ ഉള്ളടക്കം ചെയ്യാതെ മരാമത്ത് പ്രവൃത്തികളിൽ GST Compensation അനുവദിച്ചത് വഴി കരാറുകാർക്ക് അധിക തുക നൽകിയതായി കാണുന്നു. GO(P)87/2017/lsgd dt.01.11.2017 ഉത്തരവിന്റെ പിൻബലത്തിലാണ് ഇപ്രകാരം കോംപൻസേഷൻ അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർക്ക് | പ്രവൃത്തി മൂല്യനിർണയ വിവരം | കരാറുകരന് നൽകാവുന്ന തുക |
|---|---|---|
| 170/18 വെങ്ങാട്ടമ്പലം പന്തീരായിക്കൽ<br>നാവുരുത്തി റോഡ് സൈഡ് കെട്ടൽ<br>ഫണ്ട് -MGR 1097000<br>Rate:DSR 2016.Cl 40.2<br>കരാർ തുക :919451.4(E Tender)<br>കരാറുകരൻ:കെ.വേലായുധൻ കുട്ടി നായർ<br>കരാർ: 04/25.10.2017<br>അളവ് പുസ്തകം:152/2016-17, 96/2016-17<br>ബിൽ : 27/20.01.2018<br>തുക : 965424 | ആകെ പ്രവൃത്തി മൂല്യം:920616.49<br>പരിമിതപെടുത്തുന്നത്.919451.4(Quated PAC)<br>GST Compensation 45972.57<br>Total 965424<br>Deductions<br>Welfare Fund 9654<br>Income tax 9654<br>Net Payment to Contractor :946116 | പ്രവൃത്തി മൂല്യം:920616.49<br>Quated PACൽ<br>പരിമിതപെടുത്തുന്നത്.919451.4<br>Deductions<br>Welfare Fund 9195<br>Income tax 9195<br>Net Payment to Contractor :901061<br>അധികം :45055 |
| 146/18 തിരുനിലത്ത് താഴം റോഡ് സൈഡ് കെട്ടൽ<br>ഫണ്ട് -MGR 100000<br>Rate:DSR 2016.Cl 40.2<br>കരാർ തുക :853843.47 | ആകെ പ്രവൃത്തി മൂല്യം:713551.41<br>പരിമിതപെടുത്തുന്നത്.<br>713551.41<br>GST Compensation 35677.57<br>Total 749229 | പ്രവൃത്തി മൂല്യം:713551.41<br>പരിമിതപെടുത്തുന്നത്.<br>713551.41<br>Deductions<br>Welfare Fund 7136 |

| | | |
|---|---|---|
| (E Tender)<br>കരാറുകരൻ:കെ.വേലായുധൻ കുട്ടി നായർ<br>കരാർ: 04/25.10.2017<br>അളവ് പുസ്തകം:64/2016-17,<br>ബിൽ :35/02.02.2018<br>തുക : 749229 | Deductions<br>Welfare Fund 7492<br>Income tax 7492<br>Net Payment to Contractor :734245 | Income tax 7136<br>Net Payment to Contractor :699279<br>അധികം :34966 |
| ആകെ അധികം | | 80021 |

മേൽ പരാമർശിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു കരാറുകരന് മാത്രമായി കോംപൻസേഷൻ നൽകിയതായിട്ടാണ് വ്യക്തമാവുന്നത്. പഞ്ചായത്തിലെ മറ്റ് പ്രവൃത്തികൾക്ക് നൽകിയിട്ടും ഇല്ല. അധിക നിരക്കിൽ GST അടവാക്കിയ രേഖ ഹാജരാക്കാതെ കരാറുകാരന് അധിക തുക നൽകിയത് അംഗീകരിക്കാനാവില്ല . ജില്ലയിലെ മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ ഇപ്രകാരം തുക നൽകിയിട്ടില്ല എന്ന വസ്തുതയും ശ്രദ്ധയിൽ പെടുത്തുന്നു.

അധിക നിരക്കിൽ മേൽ പ്രവൃത്തികൾക്ക് കരാറുകരൻ GST അടവാക്കിയ രേഖ ഹാജരാക്കുകയോ, തുക പഞ്ചായത്തിൽ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ് എന്ന് പരാമർശിച്ച് ഓഡിറ്റ് എൻക്വയറി 03/18.01.2019 നൽകിയരുന്നു. ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി ഇപ്രകാരമണ്.

1.GO(P)87/2017/Lsgd/01.11.2017 ഉത്തരവ് പ്രകാരമാണ് ജി.എസ്.ടി കോംപൻസേഷൻ അനുവദിച്ച് നൽകിയത്. എന്നാൽ അധിക നിരക്കിൽ കരാറുകാരൻ ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കണം എന്ന് മേൽ ഉത്തരവിലോ, ചീഫ് എഞ്ചിനീയറുടെ 27.11.2017,17.04.2018 സർക്കുലറിലും നിഷ്കർശിക്കുന്നില്ല.

2.മേൽ പരാമർശിത രണ്ട് വർക്കുകളും ടെണ്ടർ സേവിങ്ങ്സ് ഉള്ളവയാണ്. ടെണ്ടർ സേവിങ്ങ്സിലൂടെ കരാറുകാർക്കുള്ള തുക കണ്ടെത്താനാണ് സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുള്ളത്. ജി.എസ്.ടി കോംപൻസേഷൻ നൽകാൻ മതിയായ തുക ഈ രണ്ട് വർക്കിലുമായി സേവിങ്ങ്സ് ഉണ്ടായിരുന്നു എന്നതിനാലാണ് തുക നൽകിയത്.

3.കരാറുകാരുടെ GST റിട്ടേൺ ഫയലിങ്ങിന്റെ നാലാം ക്വാർട്ടറിലാണ് ഈ വർക്കുകളുടെ പേയ്മെന്റ് വരുന്നത്. റിട്ടേൺ ഫയൽ ചെയ്യാൻ അധിക സമയം അനുവദിക്കുകയും ചെയ്തിരുന്നു.

4.ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് GO(Rt)2532/2018/Lsgd/29.09.2018 ഉത്തരവ് പ്രകാരമുള്ള കരാറുകാരന്റെ സെൽഫ് ഡിക്ലറേഷനും ഹാജരാക്കുകയുണ്ടായി.
ജി.എസ്.ടി കോംപൻസേഷൻ നൽകയിത് സംബന്ധിച്ച DB3-9058/17/CE/ത.സ്വ.ഭ.വ. തിയതി 27/11/17 നമ്പർ സർക്കുലറിൽ കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ പരിശോധിച്ചാണ് തുക നൽകേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചതാണ്.

ജി.എസ്.ടി കോംപൻസേഷൻ അനുവദിക്കുന്നതിന് അടിസ്ഥാനമായി വർത്തിക്കേണ്ട ഘടകങ്ങൾ കരാറുകാരൻ പൂർത്തിയാക്കിയിട്ടില്ല എന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. അധിക നിരക്കിൽ മേൽ പ്രവൃത്തികൾക്ക് കരാറുകരൻ GST അടവാക്കിയ രേഖ ഹാജരാക്കുകയോ, തുക പഞ്ചായത്തിൽ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം

ഓഡിറ്റ് വർഷം നന്നമ്പ്ര ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 109 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 35881283രൂപയാണ്. വകയിരുത്തിയ തുകയിൽ 22731882 രൂപ

ചെലവഴിക്കാനായിട്ടുണ്ട്. ചെലവ് 63.3 ശതമാനം മാത്രമാണ്.317937 രൂപയുടെ രണ്ട് ബിൽ ക്യൂ ബിൽ ആയിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 30 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ ഒരു പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടും അവശേഷിച്ചവ പ്രവൃത്തികൾ തൽവർഷ പ്രോജക്ടുകളുമാണ്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 13149401 രൂപ വകയിരുത്തിയ പ്രോജക്ടുകൾ ഓഡിറ്റ് വർഷം നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു.ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് / ടാർ ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല .വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി വ്യക്തമാവുന്നു.

ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ഭരണസമിതി ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-5 മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

ആകെയുള്ള 109 പൊതു മരാമത്ത് പ്രവൃത്തികളിൽ 30 എണ്ണം ഒഴികെയുള്ളവ സമയപരിധിക്കുള്ളിൽ നിർവഹിക്കാനായിട്ടുണ്ട്. രണ്ട് പ്രോജക്ടുകളിലെ തുക ക്യൂ ബിൽ ആയി തൊട്ടടുത്ത മാസങ്ങളിൽ മാറിയിട്ടുണ്ട്. എന്നാൽ, ചെയ്ത പ്രവൃത്തികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിൽ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ് . ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി ,റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 3-6 വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യസ്ഥിരം സമിതി 14 തവണ യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ

വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഇടപെടലുകളും നടത്തുന്നതായി മിനുട്സ് വ്യക്താക്കുന്നു. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും നിർവഹണ ഘട്ടത്തിൽ വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രത്യേകിച്ച് നിർവഹണം നടക്കാതിരുന്ന പ്രോജക്ടുകളുടെ വിശകലനം നടത്തിയതായി കാണുന്നില്ല. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വികസന സ്ഥിരം സമിതി.

## 3-7 കുണ്ടൂർ തോട് നവീകരണം.

ഗ്രാമ പഞ്ചായത്തിലെ കാർഷിക മേഖയുടെ പ്രധാന ആശ്രയമാണ് കുണ്ടൂർ തോട്. സർവേ നടത്തി കയ്യേറ്റങ്ങൾ കണ്ടെത്തുകയും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തോടിന്റെ അതിർത്തികൾ നിർണയിച്ച്കൊണ്ട് തോട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണ് ഗ്രാമ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിനായി 140/2017 പ്രോജക്ട് തയ്യാറാക്കി എങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാവാത്തതിനാൽ പ്രേജക്ടിൽ ചെലവൊന്നും വന്നില്ല. 27/2018 സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്ന് 375000 വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചീനീയർ നിർവഹണം നടത്തിയ പ്രോജക്ടിൽ 329687 രൂപയുടെ ചെലവുണ്ട്. പ്രോജക്ടിന്റെ ഭാഗമായി തോടിന്റെ ഇരു കരകളിലുമായി കാട് വെട്ടിതെളിക്കുകയും , സർവേക്ക് സഹായകമാകുന്ന വിധത്തിൽ കോൺക്രീറ്റ് കല്ലുകൾ നിർമിച്ച് നൽകുന്നതിനുമാണ് തുക നൽകുന്നത്.

അസിസ്റ്റന്റ് എഞ്ചീനീയർ നിർവഹണം നടത്തിയ പ്രോജക്ട് ഫയലിൽ നിന്നും സെക്രട്ടറിയുടെ A2-6573/18 ഫയലിൽ നിന്നും സർവേ നടപടികൾ പൂർത്തിയാക്കിയതായി വ്യക്തമാവുന്നുണ്ട്. എന്നാൽ അതിരുകൾ രേഖപ്പെടുത്തിയതും കയ്യേറ്റങ്ങൾ വ്യക്തമാക്കുന്നതുമായ സർവെ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്ന് വ്യക്തമാവുന്നു. സർവേ റിപ്പോർട്ടിനായി ഗ്രാമ പഞ്ചായത്ത് 15147 രൂപ അടവാക്കിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 03.01.2019 ന് സർവെ പ്ലാൻ ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് തഹസിൽദാർക്ക് കത്ത് നൽകിയതായും ഫയലിൽ കാണുന്നു.

തോട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും ചെറുകിട ജനസേചന വകുപ്പ് അനുവദിച്ച പതിനഞ്ച് കോടി മതിപ്പ് ചെലവ് കണക്കാക്കുന്ന വികസന പ്രവർത്തനങ്ങൾ സാധ്യമാവുന്നതിനും സർവേ റിപ്പോർട്ട് അനിവാര്യമാണ്.

നിരന്തരമായ ഇടപെടലുകൾ നടത്തി സർവേ റിപ്പോർട്ട് ലഭ്യമാകുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തോട് വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചീനീയർ നിർവഹണം നടത്തിയ പ്രോജക്ടിന്റെ ഗുണഫലങ്ങൾ കർഷകർക്ക് യഥാസമയം പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

## 3-8 പഞ്ചായത്ത് സ്റ്റേഡിയം നവീകരണം.

പഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരിക്കുന്നതിനുള്ളതാണ് അസിസ്റ്റന്റ് എഞ്ചീനീയർ നിർവഹണം നടത്തുന്ന 182/2018 ഏക വർഷ പ്രോജക്ട്. 46 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും, ഒരു ലക്ഷം രൂപ തനത് ഫണ്ടും വകയിരുത്തിയ പ്രോജക്ടിന്റെ ആകെ അടങ്കൽ 47 ലക്ഷം രൂപയാണ്. ഈ ടെണ്ടർ നടപടികൾ സ്വീകരിച്ച് അബ്ദു സലീം എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുക്കുന്നത്. ആദ്യ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് നടത്തിയ റീ ടെണ്ടറിലാണ് പരാമർശിത കരാറുകാരൻ 4668419.29 രൂപക്ക് പ്രവൃത്തി ഏറ്റെടുക്കുന്നത്. ഭരണസമിതിയുടെ 1(1)/01.02.2018 തീരുമാന പ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2014 DSR പ്രകാരം 37.25 കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കിന് 60/12.02.2018 പ്രകാരം കരാർ വെക്കുകയും പ്രവൃത്തി സ്ഥലം രേഖാമൂലം 12.02.2018 ന് കരാറുകരന് കൈമാറുകയും ചെയ്യുന്നുണ്ട്. കരാർ വ്യവസ്ഥകൾ പ്രകാരം ഒരു വർഷമാണ് പ്രവൃത്തിയിയുടെ നിർവഹണ സമയം.

സ്റ്റേഡിയത്തിൽ സ്റ്റേജ് നിർമിക്കുക, കിണർ നിർമിച്ച് വെള്ള സൌകര്യം ഒരുക്കുക, ടോയ് ലറ്റ് സംവിധാനം ഒരുക്കുക, ഡ്രസ്സിങ്ങ് റൂം ഒരുക്കുക, ഗാലറി നിർമിക്കുക, ഗ്രൌണ്ടിൽ മണ്ണ് ഫിൽ ചെയ്ത് ഉയർത്തി നിരപ്പാക്കുക എന്നിവയാണ് എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ.

ഭാഗികമായി ചെയ്ത പ്രവൃത്തികൾ അടിസ്ഥാനമാക്കി ഓഡിറ്റ് വർഷം കരാറുകാരന് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. 158/16-17 അളവ് പുസ്തകം പ്രകാരം കിണർ നിർമാണത്തിനായി 330728 രൂപയും, സ്റ്റേജ് ടോയ് ലറ്റ് നിർമാണത്തിനായി 2061277 രൂപയും, മണ്ണ് ഫിൽ ചെയ്യുന്നതിനായി 114778 രൂപയും, ഗാലറി നിർമാണത്തിനായി 187048 രൂപയും ചെലവ് ചെയ്തതായി വ്യക്തമാവുന്നു. 2693832 രൂപയുടെ പ്രവൃത്തി മൂല്യം നിർണയിച്ച്, 269383 രൂപ റിട്ടെൻഷൻ കുറവ് ചെയ്ത് , 24244 രൂപ വീതം ആദായ നികുതി, വെൽഫയർ ഫണ്ട് എന്നിവ കുറവ് ചെയ്ത് ബിൽ 55/26.03.2018പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനായി പഞ്ചായത്ത് മുൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഗ്രൗണ്ട് സന്ദർശിച്ചു. നിർമാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നതായി കാണുന്നുണ്ട്. എന്നാൽ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാവാൻ സാധ്യത കുറവാണ്. സ്റ്റേജ് , ടോയ് ലറ്റ് , ഡ്രസ്സിങ്ങ് മുറി എന്നിവയുടെ വർക്കുകൾ പ്രാഥമിക ഘട്ടം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തിയും അവശേഷിക്കുന്നു. ഗാലറിയുടെ നിർമാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി ഗ്രൗണ്ട് പൊതു സമൂഹത്തിന് ഉപകരിക്കുന്ന വിധത്തിൽ സംവിധാനിക്കാൻ ഭരണസമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

## 3-9 അംഗവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല

നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ ആകെ 37 അംഗനവാടികൾ ഉള്ളതിൽ 22 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല. ഇതിൽ 5 അംഗനവാടികൾ താൽക്കാലിക ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. 23.11.17 തീയ്യതിയിലെ, അജണ്ട 7 പ്രകാരം അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളും, സ്ഥലവും ലഭ്യമാക്കാൻ ബന്ധപ്പെട്ട വെൽഫെയർ കമ്മിറ്റികളുടെ ശ്രമങ്ങൾ ഊർജിതപ്പെടുത്താൻ ഭരണസമിതി നിർദേശം നൽകിയിരുന്നു. ഇതിന് ശേഷം ഒരു അംഗനവാടിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കിയിരുന്നു. നിലവിൽ 21 അംഗനവാടികൾ സ്വന്തമായി കെട്ടിടമോ, സ്ഥലമോ ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൂന്നെണ്ണം താൽക്കാലിക ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ തുടരേണ്ടതാണ്.

## 3-10 മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴവവൻ ഇനിയും ലഭിച്ചിട്ടില്ല.

പ്രൊ. നം.91/18 : പാലിയേറ്റീവ് കെയർ

പ്രൊ. നം.92/18 : നന്നമ്പ്ര പി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങൽ

| ബിൽ നം. | സബ് വൌച്ചർ | തുക | പ്രൊ. നം | ലഭിക്കാൻ ബാക്കി |
|---|---|---|---|---|
| നം.2/17-18/17-3-18 : Rs. 3,05,440 | 217 & 218 | 2,00,000 | 91/18 | 48,169 |
| നം.3/17-18/17-3-18 : Rs. 1,00,000 | - | 1,00,000 | 92/18 | 17,415 |
| *ആകെ* | | *3,00,000* | | *65,584* |

മെഡിക്കൽ ഓഫീസർ, (പി. എച്ച്. സി) നടപ്പാക്കിയ പ്രസ്തുത പ്രൊജക്ടുകൾ വഴി മരുന്നുകൾ വാങ്ങുന്നതിനായി

KMSC Ltd-ന് 3,00,000രൂപ മുൻകൂർ നല്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന് KMSC Ltd രസീതി നല്കിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മരുന്നുകൾ മുഴുവനായും ഇനിയും ലഭിച്ചിട്ടില്ല. 65,584 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

2) GO(MS) No.80/2017/LSGD/3-4-17 പ്രകാരമുള്ള 2017-18ലെ സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 12.4-ൽ മരുന്നുകൾ വാങ്ങുന്നതു സംബന്ധിച്ച്, ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കുന്ന മരുന്നുകളുടെ അപര്യാപ്തതയുണ്ടെങ്കിൽ മാത്രം വാങ്ങാനാണ്, അനുമതി നല്കിയിട്ടുള്ളത്. ഇതിനായി DMO-യുടെ Non Availability Certificate ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം രേഖകൾ ഫയലിൽ ലഭ്യമല്ല.

കൂടാതെ, ഇപ്രകാരം മുൻകൂർ തുക നല്കിയിട്ടും 2 മാസത്തിനകം മരുന്നുകൾ ലഭിച്ചിട്ടില്ലെങ്കിൽ, HMC- യുടെ ശുപാർശ പ്രകാരം കാരുണ്യ/നീതി/ജൻ ഔഷധിയിൽ നിന്ന് നേരിട്ട് വാങ്ങാമെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരം നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ, പ്രൊജക്റ്റ് റിപ്പോർട്ട് ഫലിൽ ലഭ്യമാക്കിയിട്ടുമില്ല.

3) പാലിയേറ്റീവ് കെയറിനു വേണ്ടി വാങ്ങിയ മരുന്നുകൾ ലഭിച്ച അതേ ദിവസം തന്നെ മുഴുവവനായും , Issued to Pariraksha എന്ന് രേഖപ്പെടുത്തിയതായിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. എന്നാൽ രോഗികളുടെ ബന്ധുക്കൾ PHC-യിൽ വന്ന് വാങ്ങിക്കൊണ്ടു പോകുകയാണെന്നാണ് പരിരക്ഷാ നഴ്സ് അറിയിച്ചത്. കിടപ്പിലായ രോഗികൾക്ക് ഹോംകെയർ നൽകുന്നതിനുള്ള പ്രൊജക്റ്റിന്റെ വിജയത്തിന് ഉതകുന്നതല്ല ഈ നടപടി. ഈ പദ്ധതിയിലുള്ള രോഗികളെ ഇൻ പേഷ്യൻസായി കണക്കാക്കി, ഓരോ ദിവസവും സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന രോഗികൾക്കുള്ള മരുന്നുകൾ, മെഡിക്കൽ ഓഫീസറുടെ കുറിപ്പനുസരിച്ച്, നഴ്സ് രോഗികളുടെ വീട്ടിലെത്തിക്കേണ്ടതായിരുന്നു.

മരുന്നുകൾ ഗഡുക്കളായിട്ടാകും ലഭിക്കുകയെന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിനു നൽകുന്ന പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ 65,584 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

*(അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ, തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്.)*

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 102/17-18 | 200000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1062500 | നെൽകൃഷി വികസനം, 67/17-18 | 1062500 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 102/17-18 | 50000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2017-18 | 1062500 | നെൽകൃഷി വികസനം, 67/17-18 | 1062500 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | തോട് നവീകരണം, 195/17-18 | 0 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ, 102/17-18 | 250000 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85552 | പാലിയേറ്റീവ് കെയർ, 91/17-18 | 0 | 85552 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ, 91/17-18 | 0 | 100000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | തുല്യതാപഠനം, 53/17-18 | 0 | 50000 |

കുറിപ്പ്: 2014-15 മുതൽ 1,50,000/- രൂപ മുൻബാക്കിയായി കിടക്കുന്നുണ്ട് (ബ്ലോക്ക് വിഹിതം), പ്രൊജക്ടിന്റെ വിശദാംശം ലഭ്യമല്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 8-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 194/17-18 | 21700901 | 473829 | 473829 | 0 |
| KSEB | 16-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 80/17-18 | 21700739 | 12425 | 12425 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ, തൃക്കുളം തെയ്യാല റോഡ്, 179/17-18 | 21700532 | 87450 | 87450 | 0 |
| KSEB | 9-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 71/17-18 | 21700839 | 175950 | 175950 | 0 |
| KSEB | 1-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 68/17-18 | 21700817 | 136000 | 136000 | 0 |
| KSEB | 11-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 72/17-18 | 21700869 | 129345 | 129345 | 0 |
| KSEB | 13-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 74/17-18 | 21700836 | 99110 | 99110 | 0 |

| | | | | | |
|---|---|---|---|---|---|
| KSEB | 12-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 78/17-18 | 21700837 | 149550 | 149550 | 0 |
| KSEB | 16-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 80/17-18 | 21700897 | 231875 | 231875 | 0 |
| KSEB | 3, 19-ാം വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 81/17-18 | 21700823 | 49885 | 49885 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ, കാരാട്ടിക്കുളം റോഡ്, 82/17-18 | 21700818 | 138125 | 138125 | 0 |
| KSEB | 19-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 83/17-18 | 21700825 | 99600 | 99600 | 0 |
| KSEB | 7, 8 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 84/17-18 | 21700872 | 75625 | 75625 | 0 |
| KSEB | 4-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 87/17-18 | 21700824 | 99800 | 99800 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ, തൃക്കുളം തെയ്യാല റോഡ്, 179/17-18 | 21700840 | 559000 | 559000 | 0 |
| KSEB | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, സി.കെ.പടി റോഡ് | 21700900 | 133974 | 133974 | 0 |

(കുറിപ്പ് : മേൽപറഞ്ഞ പ്രവർത്തികളുടെയൊന്നും പൂർത്തീകരണവിവരം ലഭ്യമല്ല)

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14,20,750 |
| തൻവർഷം നിക്ഷേപിച്ച തുക | 1,27,823 |
| ആകെ | 15,48,573 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,48,573 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപം | 14,20,250 | FDR No. 004607 |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ (Equity share) | 500 | 55/27.07.77 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 520 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 2(2) | 180 | ശ്രീ. റോബിൻ ആന്റണി പി, അസി. ടീച്ചർ, GUPS കൊടിഞ്ഞി | 117100100782/20-5-17 |
| 2005-06 | 2(3) | 180 | ശ്രീമതി. എം കെ ലിജി, അസി. ടീച്ചർ, GUPS കൊടിഞ്ഞി | 117100100783/20-5-17 |
| 2005-06 | 3(6) | 260 | ശ്രീ. സജീവൻ വി കെ | 117100100784/20-5-17 |

(കുറിപ്പ് : മേൽപറഞ്ഞ തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല)

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 14-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | 30.03.17-ലെ നം. കെ.എസ്.എ.എം.പി.എം15/2110/16 കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുണ്ട് |
| 2013-14, 14-15 | 2-2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | 30.03.17-ലെ നം. കെ.എസ്.എ.എം.പി.എം15/2110/16 കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുണ്ട് |
| 2013-14, 14-15 | 2-7 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | 1. 30.03.17-ലെ നം. കെ.എസ്.എ.എം.പി.എം15/2110/16 കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുണ്ട്<br>2. 17-18 മുതൽ നികുതി ഈടാക്കി വരുന്നുണ്ട് |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | 1. 18.03.17-ലെ 11610107940, 11610107941 നം. രശീതികൾ പ്രകാരം തുക അടവാക്കി<br>2. ബി.എസ്.എൻ.എൽ കുണ്ടൂർ എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br>31.03.18-ലെ 11710109789 നം. രശീതി പ്രകാരം നന്നമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്<br>3. 04.09.12-ലെ ഹൈക്കോടതി ഉത്തരവ് WP(C) 1042/12 -ന് വിരുദ്ധമായാണ് ശമ്പളം നൽകുന്നതെന്ന് ബോധ്യപ്പെട്ട കാര്യം വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2002-03 | 3(2) | 2004-05 | പൊതുപരാമർശം 10-1-3 | ശുദ്ധജലപദ്ധതി അപാകതകൾ | നടപടികൾ തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ ന | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 97-98 | 36 | വി. രാജൻ, ജെ. എസ് | LF2718/Spl.Cell /Sc/5/04/dt 1-9- 04 | 924 | 924 Rt 52131/6/20- 8-07) | -- | -- | -- | 924 | 0 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2006-07 | 3-2 | ഡോ. മുകുന്ദ വർമ്മ | LF 9703/ Spl.cell/CSC D1/2011 15.7.14 | 41800 | -- | -- | -- | -- | -- | 41800 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 98135523.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65042232 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,89,831 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 26,51,543 | ശ്രീ. പീതാംബരൻ , സെക്രട്ടറി (14,44,900)<br>ശ്രീമതി. ബിസിലി ബിന്ദു.ടി. എസ്, സെക്രട്ടറി (12,06,623) |
| 3-2 | 3,92,683 | ശ്രീ. പീതാംബരൻ , സെക്രട്ടറി |
| 3-3 | 80,021 | ശ്രീ. അനീസ് സി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | 65,584 | ഡോ. സൽമ വി. പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 31,89,831 | |

സ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2005-06 | എൽ എഫ് എം.17/277/09 തിയ്യതി 13.07.09 | 6 | |
| 2006-07 | എൽ എഫ് എം.17/68/10 തിയ്യതി 11.12.11 | 10 | |
| 2007-08 | എൽ എഫ് എം.15/351/12 തിയ്യതി 22.05.12 | 22 | |
| 2008-09 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 16 | |
| 2009-10 | എൽ എഫ് എം.15/1401/11 തിയ്യതി 19.11.11 | 15 | |
| 2010-11 | എൽ എഫ് എം.15/2065/13 തിയ്യതി 11.11.13 | 8 | |
| 2011-12, | എൽ എഫ് എം.15/3566/14 തിയ്യതി 06.02.15 | 11 | |
| 2012-13 | കെ.എസ്.എ.എം.പി.എം.15/386/17 തിയ്യതി 14.06.2017 | 6 | |
| 2013-14,14-15 | കെ എസ് എ എം പി എം 15/2110/16 തിയ്യതി 09.08.16 | 11 | |
| 2015-16 | കെ എസ് എ എം പി എം 15/1/17 തിയ്യതി 07.12.17 | 9 | |
| 2016-17 | കെ എസ് എ എം പി എം 15/1812/17 തിയ്യതി 22.06.18 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം./15/1281/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 04/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്